# ശബരിമല; ഐ&പിആർഡി മീഡിയ സെൻ്റർ സന്നിധാനം
# 02.01.2026

## ശബരിമലയിൽ ശക്തമായ പരിശോധന നടപടികളുമായി എക്സൈസ് വകുപ്പ്

മണ്ഡലകാല മഹോത്സവത്തിനായി ശബരിമല ശ്രീധർമ്മ ശാസ്ത്താ ക്ഷേത്രം നട തുറന്നത് മുതൽ ശക്തമായ പരിശോധന നടപടികളുമായി  എക്സൈസ് വകുപ്പ്. മകരവിളക്ക് മഹോത്സവത്തിന് നടതുറന്ന രണ്ടാം ദിനമായ ഡിസംബർ 31 വരെ 224 റെയ്ഡുകളും 53 വാഹന പരിശോധനകളും വകുപ്പ് നടത്തി. ഇക്കാലയളവിൽ 239 ഹോട്ടലുകൾ/ വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുകയും മറ്റ് വകുപ്പുകളുമായി ചേർന്ന് 19 സംയുക്ത പരിശോധനകളും നടത്തി. അനധികൃത പുകയില ഉപയോഗ/വില്പനയുമായി ബന്ധപെട്ട് 895 കേസുകളും രജിസ്റ്റർ ചെയ്തു; 12.4 കിലോ പുകയില, 10 ഗ്രാം കഞ്ചാവും പിടിച്ചു. 1,79,000 രൂപ പിഴയും ഈടാക്കി. തുടർന്നുള്ള ദിവസങ്ങളിലും പരിശോധനകൾ തുടരുമെന്ന് പമ്പ എക്സൈസ് സി ഐ ശ്യാം കുമാർ അറിയിച്ചു.

## ശബരിമല: ആൾക്കൂട്ട നിയന്ത്രണത്തിന് പോലീസിനൊപ്പം ആർ എ എഫും

മണ്ഡലകല മഹോത്സവത്തിന് ശബരിമല നട തുറന്നത് മുതൽ സംസ്ഥാന പോലീസ് സേനയോടൊപ്പം ആൾക്കൂട്ട നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കാൻ റാപിഡ് ആക്ഷൻ ഫോഴ്സിന്റെ 140 പേരുടെ ബറ്റാലിയനും സന്നിധാനത്ത് എപ്പോഴും തയ്യാറാണ്. ഡെപ്യൂട്ടി കമാൻഡൻ്റ്  ബിജു റാമിന്റെ നേതൃത്വത്തിലുള്ള

ബറ്റാലിയനിൽ ദ്രുത പ്രതികരണ സംഘത്തിലെ 30 പേരുമുണ്ട്. മരക്കൂട്ടം, നടപ്പന്തൽ, തിരുമുറ്റം, ഡിഫൻസ് മോർച്ച, സന്നിധാനം, ഭസ്മകുളം, അരവണ വിതരണ കേന്ദ്രം എന്നിവയാണ് ആർ എ എഫിന്റെ പ്രധാന ഡ്യൂട്ടി പോയിന്റുകൾ. മകരവിളക്കിന് നടതുറന്ന ഡിസംബർ 30, 31 തീയതികളിൽ തിരക്ക് വളരെ കൂടുതലായിരുന്നുവെങ്കിലും പിന്നീട് നിയന്ത്രണവിധേയമായെന്നും ജനുവരി 14നു നടക്കുന്ന മകരവിളക്ക് പ്രമാണിച്ചു കൂടുതൽ സേനാഗങ്ങളെ നിയോഗിക്കുമെന്നും ഡെപ്യൂട്ടി കമാൻഡന്റ് ബിജു റാം അറിയിച്ചു.

**മകരവിളക്ക്: ഇതുവരെ 2,92,555 അയ്യപ്പഭക്തർ ശബരിമലയിൽ ദർശനം നടത്തി**

ഇന്നലെ (ജനുവരി 1) വൈകിട്ട് 6 മുതൽ ഇന്ന് (ജനുവരി 2) വൈകിട്ട് 7 വരെ 75,267 തീർഥാടകർ ശബരിമല സന്നിധാനത്ത് ദർശനത്തിനെത്തി.
മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഡിസംബർ 30ന് ശബരിമല നട തുറന്നതിനു ശേഷം ഇതുവരെ 2,92,555 അയ്യപ്പഭക്തരാണ് സന്നിധാനത്ത് ദർശനത്തിന് എത്തിയത്.
മകരവിളക്കിന് നട തുറന്ന ഡിസംബർ 30ന് 57,256 പേരാണ് ദർശനം നടത്തിയത്.